# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 28 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2021@gmail.com

---

### പുണ്യം പൂങ്കാവനം: തീർഥാടകർക്ക് പ്ലാസ്റ്റിക്ക് വിരുദ്ധ ബോധവൽക്കരണം നടത്തി

പുണ്യം പൂങ്കാവനം ശുചീകരണ പദ്ധതിയുടെ ഭാഗമായി ശബരിമലയിലെത്തിയ തീർഥാടകർക്കായി പോലീസിന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക്ക് വിരുദ്ധ ബോധവൽക്കരണ പരിപാടി നടത്തി. പ്ലാസ്റ്റിക്ക് വസ്തുക്കൾ ഉപയോഗിക്കാതെ കടന്നുവന്ന തീർഥാടകരെ പുണ്യം പൂങ്കാവനം കോ-ഓർഡിനേറ്റർ ഡിവൈഎസ്പി എം. രമേശ്കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം അനുമോദിച്ചു. പുണ്യം പൂങ്കാവനം ശുചീകരണ പദ്ധതി 2011 മുതലാണ് ശബരിമലയിൽ നടത്തിവരുന്നത്. പോലീസിന്റെ നേതൃത്വത്തിൽ, ശബരിമലയിൽ പ്രവർത്തിക്കുന്ന എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയുംഅയ്യപ്പ സേവാ സംഘം തുടങ്ങിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തകരും തീർഥാടകരും പുണ്യം പൂങ്കാവനം ശുചീകരണ പദ്ധതിയിൽ പങ്കാളികളായി വരുന്നു. പ്ലാസ്റ്റിക്ക് വസ്തുക്കൾ ശബരിമലയിലേക്ക് കൊ ുവരാതെ മാതൃക കാട്ടിയ കേരളത്തിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തിയ തീർഥാടകരിലെ ഗുരുസ്വാമിമാരെ ആദരിക്കുകയും പുണ്യം പൂങ്കാവനത്തിന്റെ പ്രചാരണം വ്യാപിപ്പിക്കാൻ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. നാല് ടീമുകൾ തീർഥാടകർക്കിടയിൽ പുണ്യം പൂങ്കാവനത്തിന്റെ ഭാഗമായി

ബോധവൽക്കരണം നടത്തി. എൻഡിആർഎഫ്, ഫയർ ഫോഴ്സ്, എക്സൈസ്, ദേവസ്വം ബോർഡ്, ആർഎഎഫ് അംഗങ്ങൾ ര ടീമുകളായി തിരിഞ്ഞ് സന്നിധാനത്തും പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തി.

***ഫോട്ടോ അടിക്കുറിപ്പ്: പുണ്യം പൂങ്കാവനം*** - പുണ്യം പൂങ്കാവനം ശുചീകരണ പദ്ധതിയുടെ ഭാഗമായി സന്നിധാനത്ത് നടത്തിയ ബോധവൽക്കരണ പരിപാടി

(പി.ആർ. ശബരി-67)

## സന്നിധാനം ശാസ്താ ഓഡിറ്റോറിയത്തിൽ കലാപരിപാടികൾക്ക് തുടക്കം

സന്നിധാനം ശാസ്താ ഓഡിറ്റോറിയത്തിൽ മണ്ഡല- മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട് വിവിധ കലാകാരൻമാർക്കായി ദേവസ്വം ബോർഡ് ഒരുക്കുന്ന കലാപരിപാടികളുടെ ഉദ്ഘാടനം എക്സിക്യൂട്ടീവ് ഓഫീസർ വി. കൃഷ്ണകുമാര വാര്യർ നിർവഹിച്ചു. പോലീസ് ടെലികമ്യൂണിക്കേഷൻസ് വിഭാഗത്തിലെ ഉദ്യോഗസ്ഥരായ എസ്.ഐമാരായ സൈബുകുമാർ, ഉത്തരകുട്ടൻ, ഹെഡ് കോൺസ്റ്റബിൾ അഭിലാഷ്, സന്നിധാനം നഴ്സിംഗ് ഓഫീസർ അരുൺകുമാർ പുരുഷോത്തമൻ എന്നിവർ ഭക്തി ഗാനങ്ങൾ ആലപിച്ചു. ഉദ്ഘാടന ചടങ്ങിൽ എ.ഒ സുനിൽകുമാർ, എ.ഇ.ഒ ഗണേഷ്പോറ്റി, സന്നിധാനം പോലീസ് സ്പെഷൽ ഓഫീസറും ക്രൈം ബ്രാഞ്ച് എസ്പിയുമായ എ.ആർ. പ്രേംകുമാർ, സോപാനം സ്പെഷ്യൽ ഓഫീസർ വിജയൻപിള്ള തുടങ്ങിയവർ പങ്കെടുത്തു. മനോഹരമായ ഭക്തി ഗാനങ്ങൾ സന്നിധാനത്തെ ഭക്തിസാന്ദ്രമാക്കി. കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി 2019 ന് ശേഷം സന്നിധാനം നടപന്തലിനോട് ചേർന്ന ശ്രീധർമ്മ ശാസ്താ ഓഡിറ്റോറിയത്തിൽ ആദ്യമായാണ് കലാപരിപാടികൾ അവതരിപ്പിക്കുന്നത്.
അടയ്ക്കും.

(പി.ആർ. ശബരി-68)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.